# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1533 02.07.2015 ൽ മറുപടിയ്ക്ക്

## റബ്ബർ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വിലത്തകർച്ചയിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം പരാജയപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കാമോ ; | (എ) റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികൾ പരാജയപ്പെട്ടിട്ടില്ല. വിപണിയിൽ റബ്ബറിന്റെ വില ഒരു പരിധിവരെ പിടിച്ച് നിറുത്താൻ റബ്ബർ സംഭരണ നടപടികൾ സഹായകരമായിട്ടുണ്ട്. |
| (ബി) റബ്ബർ കർഷകരെ രക്ഷിക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ; | (ബി) 2014-15 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം ആകെ 12 കോടി രൂപയാണ് റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. അതു പ്രകാരം 6 കോടി രൂപ വീതമാണ് മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും അനുവദിച്ചിട്ടുള്ളത്.<br>റബ്ബർ കർഷകരെ രക്ഷിക്കാനായി റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിന് 5 കോടി രൂപയും റബ്ബർ സംഭരണ കൈകാര്യ ചെലവിനത്തിൽ 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റബ്ബർമാർക്കിന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡിന് അനുവദിച്ച 2.5 കോടി രൂപയിൽ 33,49,627/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൈകാര്യ ചെലവുകൾക്കായി റബ്ബർമാർക്കിന് 59,75,591/- രൂപയും മാർക്കറ്റ് ഫെഡിന് 28,87,173/- രൂപയും ഉൾപ്പെടെ 88,62,764/- രൂപ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) ചെലവഴിച്ച തുകയുടെ പ്രയോജനം റബ്ബർ കർഷകർക്കല്ല മറിച്ച് ടയർ കമ്പനികൾക്കും വ്യവസായികൾക്കുമാണ് ലഭിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ